## കോഴ്സ് ഡയറക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

കണ്ണൂർ സർവകാലാശാലയുടെ കാസർഗോഡ്  ക്യാമ്പസില് പ്രവർത്തിക്കുന്ന കന്നഡ പഠന വകുപ്പിലേക്ക് കരാർ അടിസ്ഥാനത്തിൽ കോഴ്സ് ഡയറക്ടറെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ഓഫ് ലൈനായി അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 10.12.2021. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in careers) ലഭ്യമാണ്.
---------------

### ജ.കൃഷ്ണയ്യർ മാതൃക, മലബാറിലെ  കേസുകളുംഅഭിഭാഷകരും  പ്രചോദനം-ജ.ചന്ദ്രു

പാലയാട് : മലബാറിലെ കേസുകളും ഇവിടുത്തെ അഭിഭാഷകരും തനിക്ക് ഏറെ പ്രചോദനമായെന്ന്  ജസ്റ്റിസ് ചന്ദ്രു. ഭരണഘടന നിലവില് വന്നതിന് ശേഷം നിയമസഹായങ്ങളിലൂടെ ഫീസില്ലാതെ ജനങ്ങള്ക്ക് വേണ്ടി സൗജന്യമായി പ്രവര്ത്തികണമെന്ന് പറഞ്ഞ ജസ്റ്റിസ് കൃഷ്ണയ്യർ തനിക്ക് മാതൃകയാണ്. ഓരോ അഭിഭാഷകനും ജനങ്ങൾക്ക് വേണ്ടി സൗജന്യമായി പ്രവർത്തിക്കണമെന്നും ജസ്റ്റിസ് ചന്ദ്രു പറഞ്ഞു. കണ്ണൂർ സർവകലാശാല സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ബാരിസ്റ്റർ എം .കെ. നമ്പ്യാർ ചെയർ സംഘടിപ്പിച്ച  ഭരണ ഘടനാതത്വശാസ്ത്രം -സാമൂഹികസമത്വവും വെല്ലുവിളികളും ഏകദിന  പ്രഭാഷണപരിപാടിയിൽ  സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തില് നിയമത്തിനും നീതിക്കും നിർണായക സംഭാവന നൽകിയ ഏറ്റവും പ്രമുഖനായ അഭിഭാഷകരിൽ ഒരാളാണ് ബാരിസ്റ്റർ എം.കെ. നമ്പ്യാറെന്ന് ജസ്റ്റിസ്  ചന്ദ്രു അനുസ്മരിച്ചു. കണ്ണൂർ സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.ഗോപിനാഥ് രവീന്ദ്രന് ചടങ്ങ് ഉദ്ഘാടനം ചെയ്തു. നിയമം പഠിച്ചിറങ്ങുന്ന ഒരോ വിദ്യാർത്ഥിയും ജോലി എന്നതിലുപരി താഴെക്കിടയിലുള്ള ആളുകളുടെ നീതിക്കായി പ്രവർത്തിക്കണം എന്ന് പ്രൊഫ.ഗോപിനാഥ് രവീന്ദ്രന് പറഞ്ഞു.നിയമവിഭാഗം മേധാവി ഡോ.ഷീന ഷുക്കൂർ ചടങ്ങില് അധ്യക്ഷയായിരുന്നു.

സുപ്രീം കോടതി മുൻ ജസ്റ്റിസ് കെ.ടി.തോമസ് ,അറ്റോർണി ജനറൽ അഡ്വ.കെ .കെ വേണുഗോപാൽ, എന്നിവർ ഓൺലൈനിലൂടെ പരിപാടിയിൽ പങ്കെടുത്തു.കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം രാഖി രാഘവൻ  ,പാലയാട്  ക്യാമ്പസ് ഡയറക്ടർ ഡോ.അനൂപ് കുമാർ കേശവ്, ഷീജ .ജെ, അഡ്വ.ഹസ്സൻ .എം .കെ. ,എന്നിവർ സംസാരിച്ചു. ശ്രുതി എ.കെ. ദാസൻ സ്വാഗതവും അശോക് പൗലോ പോൾ നന്ദിയും പറഞ്ഞു .

### ഹാ ൾടിക്കറ്റ്

**08.12.2021** ന് ആരംഭിക്കുന്ന അഫീലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും **ഒന്നാം** സെമസ്റ്റർ **എം. സി. എ.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) നവംബർ 2020 പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**08.12.2021** ന് ആരംഭിക്കുന്ന **എട്ടാം** സെമസ്റ്റർ **ബി. ടെക്.** (**സപ്ലിമെന്ററി**) ഏപ്രിൽ 2020 പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.